**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3315** **04-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡുകൾ ബി.പി.എൽ. ലേക്ക് മാറ്റുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എ.പി.എൽ. റേഷൻ കാർഡുകൾ ബി.പി.എൽ. ലേക്ക് മാറ്റുന്ന നടപടികൾ നിർത്തിവച്ചിരിക്കുന്നത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരെന്ന് കണ്ടെത്തുന്നവരെ പ്രസ്തുത വിഭാഗത്തിലുള്ള ഒഴിവുകളിലേക്ക് ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്ന് വരുന്നുണ്ട്. പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് മുൻഗണനേതര നോൺസബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുത്തിയാണെങ്കിലും മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ തന്നെ ബി.പി.എൽ. കാർഡിനാണ് അപേക്ഷിച്ചതെങ്കിൽ അന്വേഷണം നടത്തി ആയത് നൽകുവാൻ നടപടി കൈക്കൊള്ളുമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കാണുക. |

സെക്ഷൻ ഓഫീസർ